കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഇ.കെ.എം (ബി.പി)1587/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം ജില്ല
Phone : 0484-2422271
തീയതി : 15.11.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം (ബി.പി)1587/2019 തിയതി: 15.11.19

<u>എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ</u>

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | മിനിമോൾ കെ,ജി,<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07.08.2019 മുതൽ 14.08.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. കവിതാ ദേവി. വി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം,എസ്. ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സന്തോഷ് കുമാർ എം. | ഓഡിറ്റർ (ഹ.ഗ്രേ.). |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി.പോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.രാധാമണി.ടി.സി (ജോയിന്റ്.ബി.ഡി.ഒ-അഡീഷണൽ ചാർജ്) | 01.04.2018 മുതൽ 04.05.2018 വരെ |
| | ശ്രീ. ചന്ദ്രൻ എൻ.പി | 05.05.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി.രാധാമണി.ടി.സി (ജോയിന്റ്.ബി.ഡി.ഒ-അഡീഷണൽ ചാർജ്) | 01.07.2018 മുതൽ 20.07.2018 വരെ |
| | ശ്രീമതി സേതുലക്ഷ്മി | 21.07.2018 മുതൽ 31.01.2019 വരെ |
| | ശ്രീ.അജയ് എ.ജെ | 01.02.2019 മുതൽ 31.03.2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ഫിലിപ് വർഗ്ഗീസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ധന്യ എം. ജനാർദ്ദനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ശ്രീജ ജി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീ.ഡി.ഷാജി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) കാലടി | ഡോ. പുഷ്പ വി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ് റ്റെൻഷൻ ഓഫീസർ | ശ്രീമതി. അന്ന മുരളി | 01.04.2018 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ(അഡീഷണൽ) | ശ്രീമതി. ശ്യാമള.. പി. എം | 01.04.2018 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ | ശ്രീമതി. ഇന്ദിര. പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( വാർഷിക ധനകാര്യ പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>ഇല്ല | |
| | ഭാഗം 3 | |
| 11 | മെഡിക്കൽ ഓഫീസർ സി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 12 | സി ഡി പി ഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 13 | ട്രഷറി സേവിങ്ങ്സ് അക്കൌണ്ടിൽ നിന്നും അധികമായി തുക കുറവു ചെയ്തു | 3-3 |
| 14 | സെന്റേജ് ചാർജിനത്തിൽ തുക അധികം നൽകിയത് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കണം | 3-4 |

| | | |
|---|---|---|
| 15 | ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കിയത് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-5 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – രേഖകൾ പൂർണ്ണമല്ല | 3-6 |
| 17 | മലയാറ്റൂർ ഈസ്ററ് കോളനി ശ്മശാനം കെട്ടിട നിർമ്മാണം- പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കണം | 3-7 |
| | ഭാഗം 4 | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 21 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 28 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 29 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 30 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

21.03.2018-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 16.02.2019-ാം തീയതിയിലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീയതി / തീരുമാനം നം. | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 15.05.2019 തീരുമാനം നം. 1(1) | 31.07.2019 | 24.05.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയ തീയതി | അക്കൗണ്ട്സ് സർട്ടിഫിക്കറ്റ് നല്കിയ തീയതി |
|---|---|
| 07.08.2019 | 24.08.2019 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 1,79,96,900 |
| വരവ് | 5,53,31,516 |
| ആകെ | 7,33,28,416 |
| ചെലവ് | 5,20,29,582 |
| നീക്കിബാക്കി | 2,12,98,834 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ റജിസ്റ്റർ എന്നിവ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,52,60,000 | 3,52,60,000 | 3,26,33,464 | 0 | 26,26,536 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 1,22,12,000 | 1,22,12,000 | 85,06,217 | 0 | 37,05,783 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 4,18,000 | 4,18,000 | 1,00,000 | 0 | 3,18,000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 41,82,000 | 41,82,000 | 35,83,135 | 0 | 5,98,865 |
| സംസ്ഥാനാവിഷ്കൃതഫണ്ട് Miscelleneous A/c (SBIബാങ്ക്) | 968343 | 906176 | 1874519 | 96261 | 1778258 | 0 |
| ഇ.ഡി.സി.ബി - ലോൺ അക്കൗണ്ട് | 16000 | 0 | 16000 | 0 | 16000 | |
| ദേനാ ബാങ്ക് MKSP | 159 | 46099 | 46258 | 29942 | 16316 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് IAY Admin (ദേനാ ബാങ്ക്) | 30292 | 1010 | 31302 | 7108 | 24194 | |
| TSC (കാനറ ബാങ്ക്) | 2208190 | 105087 | 2313277 | 26815 | 2286462 | |
| IAY (യു.ബി.ഐ ബാങ്ക്) | 9735748 | 452343 | 10188091 | 134000+<br>7500000<br>7634000 | 2554091 | UBI ബാങ്കിൽ നിന്ന് 75,00,000/- രൂപ പിൻവലിച്ച് UCO ബാങ്കിലെ IAY A/c-ൽനിക്ഷേപിച്ചു. |
| IAY-GP-DP (UCO ബാങ്ക്) | 4756357 | 163651+<br>490000+<br>550000<br>7500000<br>8703651 | 13460008 | 2050672 | 11409336 | |

| | | | | | | |
|---|---|---|---|---|---|---|
| സ്പെഷ്യൽ TSB A/c (സംയുക്തപ്രൊജക്ടുകൾ) | 280000 | 0 | 280000 | 84000 | 196000 | |
| ട്രഷറി ടി.എസ്.ബി ജനറൽ പർപ്പസ് ഫണ്ട് | 1811 | 7794334 | 7796145 | 4777968 | 3018177 | |
| ആകെ | 17996900 | 55331516 | 73328416 | 52029582 | 21298834 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 92 | 60 | 19 | 13 | 65% |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തിക | പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ തുക | നടപ്പാക്കിയത് | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 18844082 | 18 | 16578546 | 87.98 |
| മെഡിക്കൽഓഫീസർ | 8 | 5251531 | 7 | 5028868 | 95.76 |
| സി.ഡി.പി.ഒ | 3 | 2400000 | 2 | 2080000 | 86.67 |
| എസ്.സി.ഡി.ഒ | 2 | 3019466 | 1 | 1957894 | 64.84 |
| ഡി.ഇ.ഒ | 3 | 1190000 | 2 | 1045200 | 87.83 |
| അസിസ്റ്റന്റ് എക്സി.എൻജിനീയർ | 17 | 13837249 | 13 | 9999209 | 72.26 |
| അസിസ്റ്റന്റ് എൻജിനീയർ | 33 | 15903169 | 17 | 9257941 | 58.21 |
| ആകെ | 92 | | 60 | | |

മരാമത്ത് പ്രവൃത്തികളുടെ ചെലവ് 60% മാത്രമേ വന്നിട്ടുള്ളൂ എന്നത് പ്രത്യേകം പരാമർശിക്കുന്നു.

## 1-7 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1182 | 233059 | 234241 | 232686 | 1555 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 1182 | 233059 | 234241 | 232686 | 1555 |

ബ്ലോക്ക് പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ്- ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

| | ഇനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | തൻവർഷം ലഭിച്ച അപേക്ഷകൾ | തൻവർഷം നിരസിച്ച അപേക്ഷകൾ |
|---|---|---|---|---|---|---|
| 1 | വിവാഹധനസഹായം | 30000 | 30000 | 1 | 1 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/08/2019 തീയതി 3 മണിക്ക് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേ ദിവസം ക്യാഷ് കളക്ഷൻ

ഉണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗുണഭോക്തൃതെരഞ്ഞെടുപ്പ് - മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ നല്കണം

പല പദ്ധതികളുടെ ഗ്രാമസഭാ ലിസ്റ്റിലും ഉയർന്ന മാർക്ക് വാങ്ങുന്ന മുകളിലുള്ള ഗുണഭോക്താക്കൾക്ക് നൽകാതെ താരതമ്യേന താഴെയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതായി കാണുന്നുണ്ട്. ഗുണഭോക്തൃവിഹിതം ഒടുക്കാത്തതിനാലും, തങ്ങൾക്ക് ഈ വർഷം ആനുകൂല്യങ്ങൾ ആവശ്യമില്ല എന്ന് ഗുണഭോക്താവ് ആവശ്യപ്പെടുന്നത് കൊണ്ടും, അവശ്യമായ രേഖകൾ ലഭ്യമാക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് സംബന്ധിച്ച് നല്കുന്ന വിശദീകരണം. പ്രസ്തുത ഗുണഭോക്താക്കൾക്ക് രേഖകൾ നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയതായോ ഈ വർഷം ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്നുള്ള അവരുടെ സമ്മതപത്രമോ ഫയലിൽ കാണുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റിൽ മുകളിലുള്ള ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിക്കുന്നത് ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പുവരുത്തും.

വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, വിവരാവകാശ അപേക്ഷകളുടെ തീർപ്പാക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20.05.2019 | 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2014 | 2010-11 മുതൽ 2012-13 വരെ | 28.05.2014 |

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇല്ല

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ സി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.

| | |
|---|---|
| പ്രോജക്ട് നം | S0032/19 |
| പ്രോജക്ട് പേര് | സി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 915763/- |
| ചെലവ് | 915763/-<br>ബിൽ നം-3/18-19 തീ 2-7-18 , 303358/-<br>ബിൽ നം-5/18-19 തീ 31-7-18 , 309222/-<br>ബിൽ നം-8/18-19 തീ 29-9-18 , 87420/-<br>ബിൽ നം-14/18-19 തീ 20-2-19 , 50000/-<br>ബിൽ നം-22/18-19 തീ 15-3-19 , 165763/- |

മേൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ബിൽ നമ്പർ 5/18-19 തീ 31-7-18 പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 250000/- രൂപ നൽകുകയുണ്ടായി. എങ്കിലും 93163/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 156837/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2.

| | |
|---|---|
| പ്രോജക്റ്റ് നം | S0033/19 |
| പ്രോജക്റ്റ് പേര് | പാലിയേറ്റീവ് കെയർ സെക്കൻഡറി കെയർ-ഹോം കെയർ സി എച്ച് സി കാലടി മുഖേന |
| അടങ്കൽ | 1045768/- |
| ചെലവ് | 1045768/-<br>ബിൽ നം-1/18-19 തീ 27-6-18 , 228891/-<br>ബിൽ നം-4/18-19 തീ 31-7-18 , 372364/-<br>ബിൽ നം-6/18-19 തീ 13-9-18 , 67034/-<br>ബിൽ നം-9/18-19 തീ 29-9-19 , 70608/-<br>ബിൽ നം-11/18-19 തീ 15-3-19 , 114632/-<br>ബിൽ നം-13/18-19 തീ 4-2-19 , 149624/-<br>ബിൽ നം-23/18-19 തീ 15-3-19 , 42615/- |

മേൽ പ്രോജക്റ്റ് നടപ്പിലാക്കിയപ്പോൾ ബിൽ നമ്പർ 1/18-19 തിയതി 27-6-18 പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 155613/- രൂപ നൽകുകയുണ്ടായി. എങ്കിലും 73372/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 82241/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3.

| | |
|---|---|
| പ്രോജകട് നം | S0035/19 |
| പ്രോജകട് പേര് | സി എച്ച് സിയിലേക്ക് തൈറോയ്ഡ് ഹോർമോൺ അനലൈസർ വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ | 1926000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം- 1742539 + തനത് ഫണ്ട് -183461/- |
| ചെലവ് | 1926000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം- 1742539 +തനത് ഫണ്ട് -183461/-<br>ബിൽ നം-10/18-19 തീ 1-10-18, 1600000/-<br>ബിൽ നം-12/18-19 തീ 4-2-19, 120753/-<br>ബിൽ നം-19/18-19 തീ 28-2-19, 21786/- |

സി എച്ച് സിയിലേക്ക് തൈറോയ്ഡ് ഹോർമോൺ അനലൈസർ വാങ്ങി സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ബിൽ നമ്പർ 10/18-19 തീ 01-10-18 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ റേറ്റ് കോൺട്രാക്ടിന് അനുസൃതമായി 1593000/- രൂപയ്ക്ക് ABC Diagnostic Pvt Ltd എന്ന സ്ഥാപനത്തിൽ നിന്ന് ഉപകരണം വാങ്ങുകയുണ്ടായി. എന്നാൽ പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത റീഏജന്റ് കിറ്റ് വാങ്ങുന്നതിനായി 140879/- രൂപ ചെലവഴിച്ചതായി കാണുന്നു. റീഏജന്റ് വാങ്ങുന്നതിനായി തൻവർഷം മറ്റൊരു പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തി അംഗീകാരം നേടാതെ ചെലവ് ചെയ്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ റേറ്റ് കോൺട്രാക്ടിൽ തന്നെ ആവശ്യമായ റീഏജന്റ് കോൺട്രാക്ടും ഉൾപ്പെട്ടിരുന്നു എന്ന മറുപടി അംഗീകരിക്കുന്നില്ല.
പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ റീഏജന്റ് വാങ്ങൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുകയോ, അല്ലാത്തപക്ഷം പദ്ധതിയിൽ മാറ്റം വരുത്തി അംഗീകാരം നേടുകയോ ചെയ്യേണ്ടതായിരുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4.

| | |
|---|---|
| പ്രോജകട് നം | S0052/19 |
| പ്രോജകട് പേര് | സി എച്ച് സി കാലടിയിലെ പഴയ കെട്ടിടങ്ങളിലെ റീവയറിങ്ങ് നടപ്പിലാക്കി കണക്റ്റഡ് ലോഡ് ക്രമീകരിക്കൽ. |
| അടങ്കൽ | 400000/- |
| ചെലവ് | 400000/- |

| | |
|---|---|
| | ബിൽ നം-16/18-19 തീ 20-2-19 , 60470/-<br>ബിൽ നം-17/18-19 തീ 22-2-19 , 315000/-<br>ബിൽ നം-20/18-19 തീ 15-3-19 , 24530/- |

മേൽ പദ്ധതി പ്രകാരം റിപ്പയറിങ്ങ് ജോലികൾക്കായി ബിൽ നമ്പർ 17/18-19 തീ 22-2-19 പ്രകാരം പി ഡബ്ള്യ ഡി-യ്ക്ക് 315000/- നൽകിയതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 സി ഡി പി ഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വിവിധ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്റ്റ് 3/2018-19, പ്രോജക്റ്റ് 8/2018-19 എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(a)

| | |
|---|---|
| പ്രോജക്റ്റ് നം | S0003/19 |
| പ്രോജക്റ്റ് പേര് | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് . |
| നിർവഹണം | സി ഡി പി ഒ., അങ്കമാലി, അഡിഷനൽ |
| അടങ്കൽ | 650000/- |
| ചെലവ് | 650000/- ബിൽ നം-1/18-19 തീ 1-9-18 , 650000/- |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതം നൽകിയ ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ

| ക്രമ നം | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് വിഹിതം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തുറവൂർ | 150000 | 76 |
| 2 | കാഞ്ഞൂർ | 250000 | 69 |
| 3 | കാലടി | 250000 | 84 |

(b)

| | |
|---|---|
| പ്രോജക്റ്റ് നം | S0008/19 |
| പ്രോജക്റ്റ് പേര് | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് . |
| നിർവഹണം | സി ഡി പി ഒ., അങ്കമാലി, മെയിൻ |
| അടങ്കൽ | 550000/- |
| ചെലവ് | 550000/- ബിൽ നം-1/18-19 തീ 23-8-18 , 550000/- |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതം നൽകിയ പഞ്ചായത്തുകളുടെ വിശദാംശങ്ങൾ

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് വിഹിതം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | മഞ്ഞപ്ര | 110000 | 69 |
| 2 | മലയാറ്റൂർ | 110000 | 38 |
| 3 | അയ്യമ്പുഴ | 110000 | 52 |
| 4 | മൂക്കന്നൂർ | 110000 | 52 |
| 5 | കറുകുറ്റി | 110000 | 69 |

പ്രോജക്ട് നം. 3/18-19 ൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് 250000/- വരെയും പ്രൊജക്ട് നം. 8/2018-19 ൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് എല്ലാം 110000/- രൂപയുമാണ് ബ്ലോക്ക് വിഹിതം അനുവദിച്ചത്.

മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ബ്ലോക്ക് വിഹിതം അനുയോജ്യവും കൃത്യവുമായ രീതിയിൽ വിഭജിച്ച നൽകുന്നതിൽ അപാകതയുള്ളതായി കാണുന്നു. ഇത്തരത്തിൽ ബ്ലോക്ക് വിഹിതം നൽകുന്നത് മൂലം വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്ന സ്കോളർഷിപ്പ് തുകകളിൽ കാര്യമായ വ്യത്യാസം ഉണ്ടാകുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അപര്യാപ്തമാകുന്ന പക്ഷം വിവിധ പഞ്ചായത്തുകൾ "ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ." എന്ന പദ്ധതികൾക്കായി അംഗീകരിച്ച പദ്ധതികളിലെ ബ്ലോക്ക് പഞ്ചായത്ത് അടങ്കൽ തുകകളുടെ അനുപാതത്തിലോ, പഞ്ചായത്തുകളുടെ അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം (വിവിധ സ്കോളർഷിപ്പുകൾക്കായി നൽകേണ്ട തുക കൂടി പരിഗണിച്ച ശേഷം) അനുസരിച്ചോ വിഭജിച്ച നൽകുന്നത് പരിഗണിക്കാവുന്നതാണ്. ബ്ലോക്ക് വിഹിതം അനുയോജ്യവും കൃത്യവുമായ മാനദണ്ഡം അവലംബിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ് ഒരേ രീതിയിൽ ലഭിയ്ക്കുന്ന വിധം പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നം | S0118/19 |
| പ്രോജക്ട് പേര് | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കുന്നതിനുള്ള പദ്ധതി |
| നിർവഹണം | സി ഡി പി ഒ., അങ്കമാലി, മെയിൻ |
| അടങ്കൽ | 1200000/- |
| ചെലവ് | 880000/- ബിൽ നം-2/18-19 തീ. 27-3-19 , 880000/- |

(b) മേൽ പദ്ധതിക്കായി 2017-18-ൽ ക്യാമ്പ് നടത്തി ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുത്ത 9 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല. അപാകത പരാമർശിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അർഹതയുള്ളവർക്ക് മാത്രമാണ് വാഹനം നൽകിയിട്ടുള്ളത് എന്നറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 ട്രഷറി സേവിങ്ങ്സ് അക്കൌണ്ടിൽ നിന്നും അധികമായി തുക കുറവു ചെയ്തു

ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിങ്ങ്സ് അക്കൌണ്ട് പാസ്സ്ബുക്കും റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ Directly Credited by Bank എന്ന ഇനത്തിൽ 25-10-2016-ൽ 3889/- രൂപയും 7-5-2018-ൽ 90/- രൂപയും അക്കൌണ്ടിൽ നിന്ന് കുറവു ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ (a)3889/- രൂപയുടെ കാര്യത്തിൽ ട്രഷറി തെറ്റായി രണ്ടു പ്രാവശ്യം തുക കുറവു ചെയ്തതുമൂലമാണെന്നും ഇത് ട്രഷറിയിൽ നിന്ന് ക്രമപ്പെടുത്തി നൽകുന്നതാണ് എന്നും (b)90/- രൂപയുടെ കാര്യത്തിൽ ചെക്ക് വഴി 18450/- രൂപ മാറി നൽകിയപ്പോൾ തെറ്റായി 18540/- നൽകിയതുമൂലമാണെന്നും ഈ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതുമാണ് എന്നും അറിയിച്ചു.

അപാകത പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-4 സെന്റേജ് ചാർജിനത്തിൽ തുക അധികം നൽകിയത് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കണം

| | |
|---|---|
| പ്രൊജക്ട് നം. | എസ്.0028/19<br>എസ്.0029/19 |
| ചെലവ് | 4/2.7.2018 = 720000/-<br>3/2.7.2018 = 513000/- |
| അടങ്കൽ | 1,220,000/- |

പഞ്ചായത്തിലെ വാതക്കാട്-വട്ടേക്കാട്, ഉപ്പുകല്ല് പട്ടിക ജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- ലഭ്യമാക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 1,220,000/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 1,220,000/-- രൂപയാണ് അടങ്കൽ തുക. വാട്ടർ അതോറിറ്റിയുടെ ജനറൽ അബ്സ്ട്രാക്ട് പ്രകാരമുള്ള

വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ നം. | എസ്.0028/19 | എസ്.0029/19 |
|---|---|---|
| വർക്കിംഗ് ചാർജസ് | 439864.14 | 276548 |
| മെററീരിയലുകൾ | 168132.00 | 82776 |
| സെന്റേജ് ചാർജസ് @12.5% | 79624.52 | 57041.43 |
| Lump sum | 3379.34 | 6627.25 |
| റോഡ് റിസ്റ്റോറേഷൻ ചാർജ് | 25000 | 90000 |
| പബ്ലിക്കേഷൻ ചാർജ് | 4000 | 7000 |
| ആകെ | 720000 | 520000 |

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2) സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനോ പഞ്ചായത്തിന്റെ മറ്റു പ്രവൃത്തികളിൽ ക്രമീകരിച്ചു കിട്ടുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികൾക്ക് പ്രോജക്ട് മുഖേന പണം നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി/പ്രോജക്ട് നം. | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | എസ്.108/19-അങ്കണവാടി കെട്ടിട നിർമ്മാണം, മലയാറ്റൂർ പഞ്ചായത്ത് | 593188/- | 19/10-10-18 |
| 2 | എസ്.002/19-ഐ കെ എം പ്രവർത്തനഫണ്ട് | 47890/- | 15/6.8.18 |
| 3 | എസ്.135/19-ശബരിമല തീർത്ഥാടനം, മാലിന്യ നിർമ്മാർജ്ജനം, കാലടി പഞ്ചായത്ത് | 186000/- | 40/15.03.19 |
| 4. | എസ്.93/19,മാലിന്യ നിർമ്മാർജ്ജനം, കാലടി പഞ്ചായത്ത് | 620800/- | 12/17.07.18 |
| 5. | എസ്.121/19,മഹാഗണിതോട്ടത്തിൽ ടോയ്ലററ് കോംപ്ലക്സ് നിർമ്മാണം, മലയാറ്റൂർ പഞ്ചായത്ത് | 800000/- | 31/7.1.19 |
| 6. | എസ്.91/19, പൈപ്പ് ലൈൻ എക്സ്ററൻഷൻ കറുകുററിപഞ്ചായത്ത് | 500000/- | 11/17.7.18 |
| 7. | എസ്.25/19, ബഡ്സ് സ്കൂൾ നവീകരണം കറുകുററിപഞ്ചായത്ത് | 841900/- | 25/23.11.18 |
| 8. | എസ്.120/19, മാലിന്യ നിർമ്മാർജ്ജനം,കാലടി പഞ്ചായത്ത് | 1400000/- | 39/15.3.19 |
| 9. | എസ്.132/19, കാഞ്ഞൂർ പള്ളിക്കടവ് LINE EXTENSION | 750000/- | 38/15.3.19 |

| | | | |
|---|---|---|---|
| 10. | എസ്:92/19, ജെറിയാട്രിക് സെന്റർ,മൂക്കന്നൂർ | 500000/- | 28/22.12.18 |

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ പൂർണ്ണമല്ല- ചെലവ് 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ ചില ഗുണഭോക്താക്കളുടെ രേഖകൾ പൂർണ്ണമല്ല. ഇതേ പദ്ധതി ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾ മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിനായി ധനസഹായം കൈപ്പറ്റിയിട്ടില്ല എന്നുറപ്പാക്കുന്നതിനുള്ള രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. അപ്രകാരം രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം. | ഗുണഭോക്താക്കൾ | നല്കിയ തുക | ബിൽ നം | അപാകത |
|---|---|---|---|---|---|
| 1. | എസ്:0129/19 | സായന്ത് ശശി S/o.ശശി പി.പി., മലയാററൂർ ഗ്രാമ പഞ്ചായത്ത് | 50000/- | 12/18-19, 21.3.19 | മലയാറ്റൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല എന്നതിനുള്ള തെളിവില്ല |
| 2. | " | അനന്ത കൃഷ്ണൻ, S/o.രാജേഷ് മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | 50000/- | 4/18-19, 2.3.19 | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല എന്നതിനുള്ള തെളിവില്ല |
| 3. | " | ആരതി സജീവ്, D/o. സജീവ്, കാലടി ഗ്രാമ പഞ്ചായത്ത് | 50000/- | 14/18-19, 25.3.19 | എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല എന്നതിനുള്ള തെളിവില്ല |
| 4. | " | ആർദ്ര രാജു, D/o.രാജു, കാലടി ഗ്രാമ പഞ്ചായത്ത് | 50000/- | 11/18-19, 25.3.19 | " |
| 5. | " | ഉദയകൃഷ്ണ, S/o.ബിനു, കാലടി ഗ്രാമ പഞ്ചായത്ത് | 50000/- | 11/18-19, 25.3.19 | " |

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 250000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മലയാറ്റൂർ ഈസ്ററ് കോളനി ശ്മശാനം കെട്ടിട നിർമ്മാണം- പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മലയാറ്റൂർ ഈസ്ററ് കോളനി ശ്മശാനം കെട്ടിട നിർമ്മാണം – S097/19 |
| അടങ്കൽ | 10,00,000/- (SCP) |
| കരാറുകാരൻ | വി.പി വർഗ്ഗീസ് |
| എഗ്രിമെന്റ് നം. & തീയതി | 23/AE/ABP/LSGD/18-19 തീയതി. 14.11.2018 |
| എഗ്രിമെന്റ് തുക | 940588/- |
| പ്രവൃത്തിയുടെ ചെലവ് – Ist & Part BIll | 5,00,000<br>( ട്രഷറി ബിൽ നം. 34/18-19 തീ.19/03/2019 |

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലെ 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മലയാറ്റൂർ- നീലീശ്വരം ഗ്രാമപഞ്ചായത്തിൽ ഈസ്റ്റ് കോളനിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിലുള്ള ശ്മശാനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യമെന്ന നിലയിലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച്

കെട്ടിടനിർമ്മാണം നടത്തിയിരിക്കുന്നത്. 28/09/2018-ൽ ടെൻഡർ ചെയ്ത് 14/11/18-ൽ കരാർ ഏറെറടുത്ത ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. 90/% പണിയും പൂർത്തീകരിച്ച് 19/03/2019-ൽ ആദ്യപാർട്ട് ബിൽ നല്കിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിലവിലുള്ള ശ്മശാനത്തിന് അടിസ്ഥാനസൗകര്യമെന്ന നിലയിലാണ് ബ്ലോക്ക് വിഹിതം ചെലവഴിച്ച് കെട്ടിടനിർമ്മാണം നടത്തിയത്. എന്നാൽ ജനാധിവാസ മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ ശ്മശാനത്തിൽ ആധുനിക ശ്മശാനത്തിന് ആവശ്യമായ ഫർണസ്, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടില്ല.

2) പ്രവൃത്തിസ്ഥലപരിശോധനവേളയിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 90% പ്രവൃത്തിയും പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടെങ്കിലും, ശ്മശാനം എന്ന നിലയിൽ ആരോഗ്യകരമായ രീതിയിൽ ഉപയോഗിക്കുന്നതിന് ഫർണസ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ് എന്ന് നിരീക്ഷിക്കുന്നു. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ വിഹിതം വിനിയോഗിച്ച് ഈ സൗകര്യങ്ങൾ ഒരുക്കുമെന്നാണ് അധികൃതർ വിശദീകരണം നല്കിയിട്ടുള്ളത്.

3) ബഹുവർഷ പ്രൊജക്ട് എന്ന നിലയിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പ്രൊജക്ടിന്റെ ധനകാര്യ വിശകലനത്തിൽ 2018-19ൽ 5,00,000/-രൂപയും, 2019-20-ൽ 5,00,000/- രൂപയും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക ഘടകപദ്ധതി വിഹിതമായി മാത്രമാണ് കാണിച്ചിരിക്കുന്നത്. എറണാകുളം ജില്ലാപഞ്ചായത്തിന്റെ വിഹിതം വകയിരുത്തിയിരിക്കുന്നതായി പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മുഴുവൻ ഉപയോഗിച്ച് അടിസ്ഥാനസൗകര്യത്തിനുള്ള കെട്ടിടം പണി പൂർത്തീകരിച്ചാലും, ആധുനിക ശ്മശാനം എന്ന രീതിയിൽ ഉപയോഗിക്കുന്നതിന്, ക്രിമറ്റോറിയത്തിന് ആവശ്യമായ സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ. 10,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഈ ശ്മശാനത്തിനായി ചെലവാക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ പൂർണ്ണമായ ലക്ഷ്യപ്രാപ്തിക്ക് ജില്ലാ പഞ്ചായത്തുമായോ, മലയാറ്റൂർ- നീലീശ്വരം ഗ്രാമപഞ്ചായത്തുമായോ ചേർന്ന് ആധുനിക ക്രിമറ്റോറിയത്തിനാവശ്യമായ സംവിധാനങ്ങൾ സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുൻബാക്കി | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 6331292 | 77921 | 6409231 | 601590 | 5807623 |
| ഗ്രാമപഞ്ചായത്ത് | 2017-18 | 1947213 | 538935 | 2486148 | 50006 | 2436142 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാതേക്കാട് -വട്ടേക്കാട് പട്ടികജാതിക്കോളനി പൈപ്പ് ലൈൻ നീട്ടൽ | ബിൽനം.004289- തീയതി 02/07/2018 | 720000 | 0 | 720000 |
| | ഉപ്പ് കല്ല് പട്ടികജാതിക്കോളനി പൈപ്പ് ലൈൻ നീട്ടൽ | ബിൽനം. 004288- തീയതി 02/07/2018 | 520000 | 0 | 520000 |
| | പട്ടികജാതി കടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | ചെക്ക്നം.24559390- 28/06/2018 | 84185 | 0 | 84185 |

| | | | | | |
|---|---|---|---|---|---|
| ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി | മലയാറ്റൂർ മഹാഗണി തോട്ടത്തിൽ ടോയ് ലറ്റ് കോംപ്ലക്സ് | ബിൽനം. 000142733- തീയതി 02/07/2018 | 800000 | 0 | 80000 |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട് മെന്റ് | കാഞ്ഞൂർ പള്ളിക്കടവ് മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ | ബിൽനം. 00018249- തീയതി 15/03/2019 | 645950 | 0 | 645950 |

വാർഷികക്കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,53,31,516 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,20,29,582 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,65,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(4) | 3,15,000 | ഡോ.പുഷ്പ വി.വി<br>മെഡിക്കൽ ഓഫീസർ (CHC) കാലടി |
| 3-6 | 2,50,000 | ഷാജി. ഡി<br>പട്ടികജാതി വികസന ഓഫീസർ |
| ആകെ | 5,65,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പുഷ്പ വി.വി<br>മെഡിക്കൽ ഓഫീസർ (CHC), കാലടി | മെഡിക്കൽ ഓഫീസർ (CHC)<br>കാലടി | കാളിപ്പറമ്പിൽ വീട്<br>മഞ്ഞപ്ര പി.ഒ 683581 |
| ഷാജി. ഡി<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | കുറ്റിമേലതിൽ<br>TKM കോളേജ് പി.ഒ<br>പേരൂർ, കൊല്ലം- 691005 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.)<br>1697/2019 തീ.04.10.2019 | 1 | |
| 2000-2001 | ,, | 2 | |
| 2001-2002 | ,, | 1 | |
| 2003-2004 | ,, | 3 | |
| 2007-2008 | ,, | 6 | |
| 2008-2009 | ,, | 1 | |
| 2009-2010 | ,, | 1 | |
| 2012-2013 | ,, | 1 | |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.)<br>1165/2019 തീ.30.09.2019 | 3 | |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.)<br>288/2019 തീ.11.07.2019 | 8 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. IAY Housing Scheme നടപ്പാക്കുന്നതിനായി 68,80,000/- എറണാകുളം ജില്ലാ സഹകരണബാങ്കിൽ നിന്ന് വായ്പ

എടുത്തിരുന്നു. ഇത് EDCB Ankamaly ബ്രാഞ്ചിലെ ലോൺ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽനിന്നാണ് ഗുണഭോക്താക്കൾക്ക് നല്കിയിരുന്നത്. ഇതിൽ 31.03.2019 -ൽ 16,000/- നീക്കിയിരിപ്പുണ്ട്. വായ്പ തിരിച്ചടവിനത്തിൽ 31.03.2019 വരെ 53,52,604/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി അടയ്ക്കാനുള്ളതായി ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത് 15,12,396/- രൂപയാണ്. എന്നാൽ EDCB യുടെ ഡിമാന്റ് നോട്ടീസ് പ്രകാരവും, ബ്ലോക്ക് പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരവും 31.03.2019-ൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നത് 15,27,396/- രൂപയാണ്. അതായത് 15,000/- അധികം തിരിച്ചടയ്ക്കേണ്ടതായി കാണുന്നുണ്ട്. ഈ വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ Directly Credited by Bank എന്ന ഇനത്തിൽ 25-10-2016-ൽ 3889/- രൂപയും, 07-05-2018-ൽ 90/- രൂപയും അക്കൗണ്ടിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. നാളിതുവരെ ഈ തുകകൾ റീകൺസൈൽ ചെയ്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല.

3. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ് മെന്റിലെ RP-7 ഷെഡ്യൂളിലെ 160 100 699 -Other Schemes- എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ (-) 97,944/- എന്ന തുക കാണുന്നു. ഇത് ഏതിനത്തിലുള്ള വരവാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

4. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of ANKAMALY BLOCK PANCHAYATH in Ernakulam District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, Rule 64 of the Kerala Kerala Panchayath Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayath Raj institutions, and the instructions in letter No.DKSA-911/SS-3/2019, dt.25.05.2019.

In My opinion the Annual Financial Statement of ANKAMALY BLOCK PANCHAYATH for the year 2018-19 subject to observations in the Annexure II, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

Kerala State Audit Department

Ernakulam

### Defects identifed on verification of Annual Fianancial Statement 2018-19

1. Ankamaly Block Panchayat have availed a Loan of Rs.68,80,000/- from Ernakulam Distrct Co-operative Bank for IAY Housing scheme. . This amount had been deposited in the Ankamaly Branch of the Bank from which the financial assistance to the Beneficiaries is given. As on 31.03.2019, there is a balance of Rs. 16,000/- in this Loan Account. The Loan repayment made upto 31.03.2019 is 53,52,604/-. As per B-5 schedule of the Balance Sheet, the balance amount of loan repayment is recorded as Rs. 15,12,396/-only. But as per the Loan register and

the demand notice of the EDCB, the balance amount to be paid is 15,27,396/-. That means an amount of Rs. 15,000/- has to be paid additionally by the Block Panchayat as per the Demand notice of the Bank. This difference is to be regularised.

2. In the treasury savings bank account of the Block Panchayat, there is difference of Rs.3979/- ( booked as directly credited by bank of Rs. 3889/- on 25.10.2016 & extra payment of Rs. 90/- on 07.05.2018) with the Bank book. This has to be reconciled.

3. In the RP-7 schedule of the Receipt & Payment statement, there is negative figure, ie. (-) 97,944 as " Other schemes" in the head of Account 160 100 699 which is not explained satisfactorily.

4. The details of the assets like landed property, Movable Assets etc. are not updated in the Asset Register and Balance Sheet.

Joint Director
Kerala State Audit Department
Ernakulam

sj